**File No.FWLD-D2/30/2020-FWLD**

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 888 — 05.02.2020ലെ മറുപടിയ്ക്ക്

### ആൺ-പെൺമാനുകളെ വേർതിരിച്ചു പാർപ്പിക്കുന്ന രീതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ് പി. | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വന്യമൃഗ സങ്കേതങ്ങളിൽ ഉൾപ്പെടെ മാനുകളുടെ വംശ വർദ്ധനവ് തടയുന്നതിന് ആൺ മാനുകളെയും പെൺമാനുകളെയും വേലി കെട്ടി വേർതിരിച്ചു പാർപ്പിക്കുന്ന രീതി സ്വീകരിച്ചു വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ വന്യമൃഗ സങ്കേതങ്ങളിൽ ഉൾപ്പെടെ മാനുകളുടെ വംശവർദ്ധനവ് തടയുന്നതിന് ആൺമാനുകളേയും പെൺമാനുകളേയും വേലികെട്ടി വേർതിരിച്ച് പാർപ്പിക്കുന്ന രീതി സ്വീകരിച്ചു വരുന്നില്ല. |
| (ബി) ഇത്തരം നടപടികൾ മാനുകളുടെ ജൈവികമായ ആവശ്യങ്ങൾക്ക് വിഘാതമായതിനാൽ ഇവയ്ക്ക് ബദലായി ശാസ്ത്രീയമായ മറ്റു മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമോ; | (ബി) ബാധകമല്ല |

| | |
|---|---|
| (സി) മാനുകളെ വേട്ടയാടുന്നതു നിരോധിച്ചിട്ടുള്ളത് വന്യമൃഗങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയാണെന്നിരിക്കെ, എണ്ണക്കൂടുതൽ എന്ന കാരണത്താൽ വംശവർദ്ധനവ് തടയുന്നതും ജീവികളുടെ ജൈവികമായ ആവശ്യങ്ങൾക്ക് വിലങ്ങുനിൽക്കുന്ന നടപടികൾ സ്വീകരിക്കുന്നതും വന്യമൃഗസംരക്ഷണ നിയമങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് വിരുദ്ധമായ നടപടിയാണെന്ന് കരുതുന്നുണ്ടോ; | (സി) നിലവിലുള്ള നിയമങ്ങൾ അനുസരിച്ചാണ് നടപടികൾ കൈക്കൊള്ളുന്നത്. വന്യജീവി സംരക്ഷണങ്ങൾക്ക് എതിരായ നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ല. |
| (ഡി) ഇക്കാര്യത്തിൽ കൂടുതൽ ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യത്തിൽ കൂടുതൽ ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നത് സംബന്ധിച്ച് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി പഠനം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ